**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 277 — 19.07.2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി. യു. പ്രതിഭാ ഹരി**<br>**ശ്രീ. വി.എസ്. അച്യുതാനന്ദൻ**<br>**ശ്രീ. ബി.ഡി. ദേവസ്സി**<br>**ശ്രീ. ഒ.ആർ. കേളു** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന വിഹിതമായി എത്ര രൂപയാണ് വകയിരു ത്തിയിട്ടുള്ളതെന്നും കേന്ദ്ര വിഹിതമായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്ത മാക്കുമോ ; | (എ) | നടപ്പ് (2016-17) സാമ്പത്തികവർഷം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന വിഹിതമായി 50 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ, സംസ്ഥാനത്ത് സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യാ ധിഷ്ഠിതമായാണ് കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുന്നത്. (സംസ്ഥാനം തിരിച്ചുള്ള ഫണ്ട് വകയിരുത്തൽ രീതി കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ അനുവർത്തിക്കുന്നില്ല.) |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം കൂടുതൽ ഫലപ്രദവും അഴിമതിരഹിതവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ; | (ബി) | വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ ആസൂത്രണ-നിർവഹണ-മോണിറ്ററിംഗ് പ്രവർ ത്തനങ്ങൾ കൂടുതൽ സുതാര്യവും ശക്തവുമാക്കു ന്നതിന് കർമ്മ പരിപാടി ആവിഷ്കരിച്ചു വരുന്നു. കൂടാതെ സമയബന്ധിതമായ വേതനവിതരണത്തിനും സോഷ്യൽ ഓഡിറ്റിംഗ് ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയാണ് കൂലി, ഇനത്തിൽ കുടിശ്ശികയായി നൽകാനുള്ള തെന്ന് വ്യക്തമാക്കുമോ; | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 13.5.2016 വരെയുള്ള കണക്ക് പ്രകാരം 14.18 കോടി രൂപ വേതനകുടിശ്ശികയുണ്ടായിരുന്നു. ഈ കൂലി കുടിശ്ശിക നാഷണൽ ഇ-എഫ്.എം.എസ്. സംവിധാനം മുഖേന കൊടുത്ത് തീർത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ഏതെല്ലാം മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുവാനാണ് ഉദ്ദേശി ക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | കാർഷിക മേഖലയിൽ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്ന പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികൾ സൃഷ്ടിക്കൽ, ദുർബല വിഭാഗങ്ങൾ ക്കുള്ള ഉപജീവനാസ്തികൾ സൃഷ്ടിക്കൽ, സ്വയം സഹായസംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം, ഗ്രാമീണ പശ്ചാത്തല സൗകര്യ വികസനം എന്നീ മേഖലകൾക്ക് ഉപയുക്തമായ രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കു ന്നതിനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**